**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **07-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി നിയമം നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനു എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് നികുതി ഒടുക്കാത്തവർക്ക് ആംനസ്റ്റി പദ്ധതി പ്രകാരം നികുതി ഒടുക്കാനുള്ള അവസരം 2022 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട് ജി.എസ്.ടി.-ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്.<br><br>പൊതു വില്പന നികുതി നിയമം, സർചാർജ് നിയമം, ആഡംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം, മൂല്യവർദ്ധിത നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ്. ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70% ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് അടയ്ക്കേണ്ടത്. ആംനെസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 31-ഉം കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്. |

സെക്ഷൻ ഓഫീസർ